Item Code: 640 Participant Code: 102

ഉന്മന്നും

## വലയംപോലെ...!!!

രാത്രിയെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് മഴ ആർത്തുപെയ്തിറങ്ങി. വലിയൊരു ഇടിമുഴക്കം അവിടെ സൃഷ്ടിക്കപ്പെട്ടു. മഴ കനത്തു. മണ്ണിനെ ചുംബിച്ചുകൊണ്ട് മണ്ണിന്റെ ഹൃദയത്തിലേക്ക് മഴ പെയ്തിറങ്ങി. ആ മഴയുടെ കാഠിന്യത്തിൽ അവളുടെ ചുവടുകൾക്ക് വേഗതയേറി. ഓരോ ചുവടും അത്രയും തീക്ഷ്ണതയോടെയുള്ളവ. കണ്ണിൽ അഗ്നി ആളിക്കത്തുന്നു. ഓരോ ചുവടിനും ഓരോ കഥപറയാനുള്ളത് പോലെ... ആ മിഴികളിലെ അഗ്നിയിൽ ഒളിഞ്ഞിരിക്കുന്ന ഭാവം. ദേഷ്യമോ? സങ്കടമോ...? പകയോ...? അറിയില്ല. മിഴികൾ നിറഞ്ഞിട്ടുണ്ട്. ചായം തേച്ച ചുവന്ന അധരങ്ങൾ വിറകൊള്ളുന്നു. വടിവൊത്ത ശരീരവും ചിലങ്കകളണിഞ്ഞ പാദങ്ങളും ആരുടെയും ശ്രദ്ധആകർഷിക്കുന്നവ. കാണികൾ ഓരോന്നും അവളുടെ ചുവടുകളുടെ തീക്ഷ്ണതയിൽ തറഞ്ഞു നിൽക്കുന്നു. കണ്ണെടുക്കാൻ പോലും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 102

സ്വയം മറന്നവൾ തരിച്ചുനിന്നുപോകുന്നു. ചുവടുകൾ മെല്ലെ നിലച്ചു. കാണികൾ ഓരോരുത്തരും ശ്വാസം പോലും എടുക്കാൻ കഴിയാത്ത അവസ്ഥയിൽ. പിന്നിൽ നിന്നാരുടെയോ മുഴങ്ങുന്ന കരഘോഷം ഉയർന്നു. വീണ്ടും സ്വബോധത്തിലേക്കുണർന്ന കണ്ണുകൾ ഉയർന്ന കരഘോഷങ്ങൾക്കൊണ്ടവളെ വരവേറ്റു. മെല്ലെ ഒന്നു പുഞ്ചിരിതൂകി കൈകൾ രണ്ടും കൂപ്പിക്കൊണ്ട് ~~[illegible]~~ അവൾ പിന്തിരിഞ്ഞു നടന്നു. ~~[illegible]~~ ആ ചായം തേച്ച ചുണ്ടുകളിൽ വിരിഞ്ഞ പുഞ്ചിരി മെല്ലെ എങ്ങോ മാഞ്ഞുപോയ്. വീണ്ടു കണ്ണുകളിൽ വിഷാദഭാവം. എന്തുകൊണ്ട്? അറിയില്ല... അപ്പോഴും അവൾക്കായി മുഴങ്ങുന്ന കരഘോഷങ്ങൾ നിലച്ചിരുന്നില്ല. ദൂരെനിന്നെവിടനിന്നോ അവളാ സ്വരം കേട്ടിരുന്നു.

"മാ......" കിണുങ്ങിച്ചിരിച്ചുകൊണ്ട് ഒരു അഞ്ചുവയസ്സുകാരി അവളുടെ അടുത്തേക്ക് ഓടിയെത്തി. അധികം സമയം വേണ്ടിവന്നില്ല... അവളുടെ മങ്ങിയ ചിരി ~~[illegible]~~

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അതിനേക്കാൾ ആത്മാർത്ഥതയോടെ തിരികെവരാൻ. ആ ഒരു വിളിയിൽ അലിഞ്ഞുപോകുന്നതായിരുന്നു ആ മാതൃഹൃദയം.

"പൊന്നേ......' ആ കുഞ്ഞിനെ വാരിയെടുത്തുകൊണ്ട് വാത്സല്യപൂർവ്വം അവളാ കുഞ്ഞിനെ വിളിച്ചു.

"മ്മാ...." കിണുങ്ങി ചിരിച്ചുകൊണ്ട് വീണ്ടും ആ ആറുവയസുകാരിയുടെ സ്വരം.

"അമ്മേടെ നൃത്തം കണ്ടോണ്ടാർന്നു..!"

"അമ്മേടെ കുഞ്ഞിപ്പെണ്ണിന് ഇഷ്ടായോ...?"

"ഉം... ഇഷ്ടായി... സൂപ്പർ ആയിരുന്നു..." കൈകൾ മെല്ലെ ഉയർത്തിക്കൊണ്ട് സൂപ്പർ എന്ന ആക്ഷൻ കാണിച്ചുകൊണ്ട് കണ്ണുകൾ വിടർത്തി.

ആ കുഞ്ഞിൽ വിരിഞ്ഞ ചിരിയിൽ അവൾ പരിസരം മറന്നിരുന്നു. അവളും അവളുടെ കുഞ്ഞും മാത്രമായൊരു ലോകം. ആ കുഞ്ഞൊന്ന ചിരിച്ചപ്പോൾ അധരത്തിൽ വിരിഞ്ഞ നുണക്കുഴിക്കവിളിൽ അവൾ അരുമയായൊന്നു ചുംബിച്ചു. പരിസരബോധം വന്നവൾ ചുറ്റുമൊന്നു നോക്കി

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഓരോരുത്തരും കണ്ടുകൊണ്ട് നോക്കുകയാ-
ണവരെ. അമ്മയുടെയും മോളുടെയും ആത്മ-
ബന്ധത്തെ. ആ എല്ലാവരുടെയും മുഖത്ത് ഒരു
നിറപുഞ്ചിരിയുണ്ട്. മെല്ലെ അവരെ നോക്കിയൊന്ന്
ഹൃദ്യമായി പുഞ്ചിരിച്ചുകൊണ്ട് അവൾ തന്റെ
കുഞ്ഞിനെയും മാറോടു ചേർത്ത് ആ വേദി-
വിട്ടിറങ്ങി. മഴയുടെ കാഠിന്യം നേർത്തിരുന്നു.
അവളുടെ ചുവടുകൾ നീങ്ങുമ്പോൾ. ആ
മഴ അവൾക്ക് മാത്രമായി പെയ്തതെന്ന് വരെ
തോന്നിപ്പോകും. അവതാരകൻ സ്റ്റേജിൽ
നിന്ന് പ്രസംഗിക്കുന്നുണ്ട്.

"ഇപ്പോൾ നമുക്കിവിടെ കാണാനായത്
മനം മയക്കുന്ന ഒരു നൃത്തമാണ്. ആ നൃത്തം
ഇവിടെ കാഴ്ചവെച്ചത് നമുക്ക് അത്രയേറെ
പരിചയമുള്ള കലാപ്രതിഭയാണ്. ലോകം
മുഴുവൻ അറിയുന്ന കോടിക്കണക്കിന് ആരാ-
ധകരുള്ള നമ്മുടെ സ്വന്തം കലാകാരി.
പാലക്കാട് മണ്ണിന്റെ അഭിമാനതാരം
"അവണി നേഹ". ആ കലാപ്രതിഭയെ
നമുക്കീ വേദിയിലേക്ക് സ്വാഗതം ചെയ്യാം".

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

'വെൽക്കം അവണി നേഹ ഓൺ സ്റ്റേജ്"
ഉയർന്ന കരഘോഷത്തോടെ കാണികൾ അവളെ വരവേറ്റു. ചുണ്ടിൽ ആരെയും മയക്കുന്ന പുഞ്ചിരി. നൃത്തം ചെയ്തവേഷം മാറ്റിയിട്ടില്ല. ഒരു-കൈയ്യിൽ അവളുടെ കുഞ്ഞിപെങ്ങളുണ്ട്. വേദിയുടെ പടികൾ കയറിയവൾ അവതാരകന്റെ അടുത്തു-വന്നുനിന്നു.

"അവണി നേഹ എന്ന ഈ കലാകാ-രിക്ക് സമ്മാനദാനം നൽകുന്നതിനായി നമ്മുടെയെല്ലാം പ്രിയങ്കരനായ എം. എൽ. എ-യെ ക്ഷണിച്ചുകൊള്ളുന്നു." വീണ്ടും കരഘോഷം ഉയർന്നു. എം. എൽ. എ-യുടെ കൈകളിലേക്ക് ആ കുഞ്ഞിപെണ്ണിന്റെ നോട്ടം ചെന്നെത്തി. നക്ഷത്രക്കണ്ണുകൾ വിടർന്നു. ഒരു വലിയ ട്രോഫി. ഒരു സ്ത്രീയുടെ നൃത്തം ചെയ്യുന്ന സ്വർണ്ണം പൂശിയ ഒരു ട്രോഫി. എം. എൽ. എ ചിരിച്ചുകൊണ്ട് ആ സമ്മാനം അവൾക്കായി നീട്ടി. സന്തോഷപൂർവ്വം നിറ-ചിരിയോടെ അവൾ രണ്ടു കൈകളും നീട്ടിയത് സ്വീകരിച്ചു. കുഞ്ഞിപെണ്ണ് കൈകൊട്ടി

ചിരിച്ചു.

"ഇനി നമ്മോട് രണ്ടു വാക്ക് സംസാരിക്കു-
വാനായി അവനിയെ ക്ഷണിക്കുന്നു. ക്ഷണിക്കട്ടെ"
കാണികളെ ഒന്നു ഉത്സാഹിപ്പിച്ചുകൊണ്ട് അവതാ-
രകൻ ചോദിച്ചു.

ഉയർന്ന കൈയ്യടികളോടെയും ആർപ്പു-
വിളികളുംകൊണ്ടും അവരവരുടെ സമ്മതം
പ്രകടിപ്പിച്ചു. അവതാരകൻ മൈക്ക്
അവനിക്ക് കൈമാറി. ചെറുതായി വിറ-
കൊള്ളുന്ന കൈയ്യാലും ഉറച്ച മനസ്സോടെ-
യും അവളാ മൈക്ക് വാങ്ങി. നല്ല സംസാരി-
ച്ചുതുടങ്ങി.

'എല്ലാവർക്കും നമസ്കാരം. ഞാൻ അവ-
നി നേരെ... എല്ലാവർക്കുമെന്നും അറിയില്ലെങ്കിലും
കുറച്ചുപേർക്കെങ്കിലും അറിയാമായിരിക്കും എന്നെ.
ഒരു കുഞ്ഞു നർത്തകി. പാലക്കാട്ടിലെ ഒരു
കുഞ്ഞു ഗ്രാമത്തിൽ ജനിച്ച് വളർന്നവൾ...
അച്ഛനും അമ്മയും ഏട്ടനും അടങ്ങുന്ന ഒരു
കൊച്ചുകുടുംബമായിരുന്നു എന്റെ. അച്ഛന്റെ
നിർബന്ധപ്രകാരമായിരുന്നു ഞാൻ നൃത്തത്തിന്

പോയി തുടങ്ങിയത്. ആദ്യമൊക്കെ ഇതൊരു
ബുദ്ധിമുട്ടായി തോന്നിയിരുന്നെങ്കിലും പിന്നീട്
ഞാനും ഇഷ്ടപ്പെട്ടുതുടങ്ങി. ആദ്യമൊക്കെ
ഇഷ്ടമില്ലാതിരുന്ന കാരണം മറ്റൊന്നുമല്ല...
രാവിലെ എഴുന്നേൽക്കാനുള്ള മടി... അതായിരുന്നു
കാരണം. രാവിലെ നാലരയ്ക്കെഴുന്നേറ്റുള്ള
കുളി. അതിനു ശേഷം അഞ്ചുമണിയാകുമ്പോൾ
കലാക്ഷേത്രത്തിലേക്ക്. പതിയെ ഞാനും അത്
ആസ്വദിച്ചുതുടങ്ങി. ടീച്ചറമ്മ... നൃത്തം പഠി-
പ്പിക്കുന്ന ടീച്ചർ... എന്റെ സ്വന്തം ടീച്ചറമ്മ
അവർക്ക് ഞാനൊരു മകളെപ്പോലെയായിരുന്നു.
പെൺമക്കളില്ലാത്ത സരസ്വതി എന്ന ടീച്ചറമ്മയ്ക്ക്
എന്നോട് മകളെപ്പോലെന്ന വാത്സല്യമായിരുന്നു.
ടീച്ചറമ്മയോടുള്ള ഇഷ്ടത്തോടെയും നൃത്തം
ഇപ്പോൾ തനിക്ക് ജീവനാണെന്നുള്ളതുകൊണ്ടും
ഓരോ ചുവടും പിഴക്കാതെ അഴകും തിക-
ഞ്ഞതയോടെ കണ്ടു പഠിച്ചു. ഒഴിവുസമയങ്ങളിൽ
നൃത്തം ചെയ്യുക എന്റെ ഇഷ്ടവിനോദമായി.
അങ്ങനെ ഞാനും നൃത്തത്തെസ്നേഹിക്കുന്ന
കലയെ സ്നേഹിക്കുന്ന ഒരു വ്യക്തിയായിമാറി."

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

~~[struck]~~ ഓരോരുത്തരും അത്രത്തോളം ശ്രദ്ധയോടെ അവളെ കേട്ടിരുന്നു...

ഇനിയെന്തെങ്കിലും അറിയാനുണ്ടോ...?
അവൾ അവരോടായി ചോദ്യമുന്നയിച്ചു....
"നിങ്ങൾക്ക് ഈ നിലയിലേക്ക് ഉയർന്നുവരാൻ കാരണമായതാരാണ്...?" വീണ്ടും അവരുടെയൊക്കെയോ സ്വരം.

മനോഹരമായൊരു പുഞ്ചിരി അവളിൽ ഉടലെടുത്തു...

"കണ്ണേട്ടനും...ദേവേട്ടനും...."
അതാരാണെന്നറിയാനുള്ള ആകാംക്ഷ ഓരോരുത്തരുടെയും മുഖത്ത് പ്രകടമായി.

ആരാണാ കണ്ണേട്ടനും ദേവേട്ടനും....?
വീണ്ടും കാണികളിൽ നിന്ന് ഉയർന്നസ്വരം...
"കണ്ണേട്ടൻ എന്റെ ഏട്ടനാണ്. ദേവേട്ടൻ കണ്ണേട്ടന്റെ ~~[struck]~~ ഉറ്റചങ്ങാതിയും. പിന്നെ വേറെ ചെറിയൊരു ~~[struck]~~ ബന്ധം കൂടിയുണ്ടെട്ടോ"-
ഒരു കണ്ണിറുക്കിക്കൊണ്ട് അവൾ പറഞ്ഞു...
കാണികളിൽ വീണ്ടും ~~[struck]~~ സംശയഭാവം
വീണ്ടും അതേ കള്ളച്ചിരിയോടെ അവൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പറഞ്ഞു:
"എന്റെ ഭർത്താവാണ്."
ഒരു പൊട്ടിച്ചിരിയുണർന്നു... വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. ഓരോരുത്തരും അവളിൽ ശ്രദ്ധ ചെലുത്തി.

എന്റെ പതിനാലാം വയസ്സിലാണ് ഞാനദ്ദേഹത്തെ ആദ്യമായി കാണുന്നത്. ഏട്ടന്റെ കൂടെ വീട്ടിലേക്ക് വന്നതായിരുന്നു. കണ്ണേട്ടൻ ഇടയ്ക്കിടയ്ക്ക് പറയാറുണ്ടായിരുന്നു ഒരു ദേവ്ദേവിനെ പറ്റി. കേൾക്കുമ്പോൾ കൗതുകമായിരുന്നു. എന്നെങ്കിലും ഒരിക്കെ നേരിൽ കാണണമെന്ന് ഞാനുറപ്പിച്ചതായിരുന്നു. അങ്ങനെ ഒരിക്കെയാണ് ദേവേട്ടൻ എന്റെ വീട്ടിലേക്ക് വന്നത്. കണ്ണേട്ടൻ എല്ലാവരെപ്പറ്റിയും പറഞ്ഞതുകൊണ്ടുതന്നെ ദേവേട്ടനു എല്ലാവരെയും അറിയാമായിരുന്നു. പെട്ടെന്നു തന്നെ ഞങ്ങൾ അടുത്തു. ഏട്ടന്റെ കൂട്ടുകാരൻ എന്നതിലുപരി എന്റെ ഏതോ സുഹൃത്ത് എന്നപോലെയായിരുന്നു ദേവേട്ടനെനിക്ക്. പിന്നീട് ഞാൻ ഏട്ടനോട് പറയാൻ കഴിയാത്തത് പോലും ദേവേട്ടനോടാ-

ഷിരുന്നു പറഞ്ഞിരുന്നത്. അത്രയും
ഞാൻ ദേവേട്ടനോട് അടുത്തിരുന്നു. ദേവേട്ടന്
നൃത്തം ജീവനാണ്. എന്നെ എത്ര പരിപാടി-
ക്കും കൊണ്ടുപോയിരുന്നത് ദേവേട്ടനാണ്. എത്രയൊ-
ക്കെ തിരക്കായിരുന്നാലും എനിക്ക് നൃത്തത്തി-
നായി പോകണമെന്ന് പറഞ്ഞാൽ എത്ര
പാതിരാത്രിയും ഓടിവരും. അതോടെ എന്നിൽ
നൃത്തവും ആ മനുഷ്യനും അലിഞ്ഞിരിക്കുക-
യായിരുന്നു. ദേവേട്ടനെ പിരിഞ്ഞിരിക്കാനാവില്ലെന്ന്
മനസ്സ് വാശിപിടിച്ചു. എന്നാൽ ഏട്ടന്റെ ഉറ്റസുഹൃ-
ത്ത്. ഏട്ടന്റെ മനസ്സറിഞ്ഞവൻ. ഉണർവിലും
ഉറക്കത്തിലും കൂടെ നിന്നവൻ. അങ്ങനെയൊരുവൻ
തന്നെ ഇഷ്ടപ്പെടുമോ എന്നവൾ ഭയന്നു.
സുഹൃത്തിന്റെ അനിയത്തിയെ സ്നേഹിക്കുമോ...?
അതവൻ ചെയ്യുന്ന വഞ്ചനയാണെന്ന് കരുതി-
യാലോ...? അങ്ങനെ ഞാനന്ന് പലതും ചിന്തി-
ച്ചുകൂട്ടി. പിന്നീട ദേവേട്ടൻ ഒരിക്കെ വീട്ടിൽ
വന്നപ്പോൾ ഞാൻ തന്നെ കാര്യമവതരിപ്പിച്ചു.
ഞാൻ പ്രതീക്ഷിച്ചതുപോലെ തന്നെ സംഭവിച്ചു
ദേവേട്ടൻ അതിനെതിർത്തു. നിന്റെ പ്രായ-

അതിന്റെതാണെന്ന് പറഞ്ഞെന്നെ
മനസ്സിലാക്കുവാൻ ശ്രമിച്ചു. പിന്നീടും പലയാ-
വർത്തി ഞാനിത് തുടർന്നു. മമ്മ ദേവേട്ടൻ
വീട്ടിലേക്കുള്ള വരവ് കുറച്ചു. ഏട്ടനു അമ്മയു-
മെല്ലാം പറയുമ്പോഴും നിനക്കറിയില്ല... എന്നോ-
ടൊന്നു പറഞ്ഞിട്ടില്ല എന്ന് പറഞ്ഞ്
ദേഷ്യത്തോടുമാറി. ഞാനും ഒരുപാട് മാറിയിരുന്നു.
ഒരിക്കെ ഇതെല്ലാം കണ്ട് ഏട്ടൻ എന്നോട്
ചോദിച്ചു. "എന്താ മോളെ പ്രശ്നം".
ഞാനെല്ലാം ഏട്ടനോട് തുറന്നുപറഞ്ഞു.
ഒരു അടിപ്രതീക്ഷിച്ചിരുന്ന ~~[illegible]~~ എന്നെ ഞെട്ടി-
ച്ചുകൊണ്ട് ~~[illegible]~~ കണ്ണേട്ടൻ പൊട്ടിച്ചിരിച്ചു.
ഇതെല്ലാം കണ്ട് കണ്ണും തള്ളിയിരിക്കുകയായിരുന്ന
ഞാൻ. അതെന്നോട് ഏട്ടൻ പറഞ്ഞൊരു
കാര്യമുണ്ട്.

മോളെ... നിനക്കിത് നേരത്തെ എന്നോട്
പറഞ്ഞൂടായിരുന്നോ ... ഞാൻ സമ്മതിക്കില്ല
എന്നുവെച്ചാണോ നീ ഇതെന്നോട് പറയാ-
തിരുന്നെ... എങ്കിൽ ആ ഇഷ്ടം തോന്നി-
യ സമയം തന്നെ നിനക്കെന്നോട് പറ

ഞങ്ങുടായിരുന്നോ...? എനിക്കിതിനേക്കാൾ സന്തോഷമുള്ള മറ്റൊരു കാര്യവുമില്ല..... പൊട്ടിച്ചിരിച്ചുകൊണ്ട് അന്ന് ഏട്ടൻ പറഞ്ഞ വാക്കുകൾ. പിന്നെയും ഒരു കാര്യം പറഞ്ഞിരുന്നു.....

"മോളെ... നിനക്കൊരു കാര്യമറിയുവോ...? അന്ന് രാവിലെ നമ്മുടെ അമ്മ എന്നോട് ചോദിച്ചുള്ളതു നിന്നെ ദേവന് വേണ്ടി ആലോചിക്കട്ടെ എന്ന്... അതെപ്പ ഞാനാ പറഞ്ഞത് അവർ തമ്മിൽ അങ്ങനെയൊന്നുമില്ലെന്ന്... ഇതുകേട്ട് അമ്മയൊന്ന് കണ്ണുമിഴിച്ചിരുന്നു. പിന്നീട് ഏട്ടനുമൊത്തായി ഞാൻ അങ്ങനെ വളക്കാനിറങ്ങിയതി...."

ഒരു തരം കള്ളച്ചിരിയോടെ അവൾ പറഞ്ഞു... കാണികളിലും അതേ ചിരി. അവൾ തുടർന്നു.

'ഞാ ദേവനൊന്നും അങ്ങനെ തിരിഞ്ഞ് പോലും നോക്കിയില്ല... പിന്നീട് ഏട്ടനും കൂടി അറിഞ്ഞിട്ടാണ് ഇതൊക്കെ എന്ന് അറിഞ്ഞു- ~~[illegible]~~ ദേവൻ ഞെട്ടിയിരുന്നു. പിന്നീടാണ്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഞാനത് അറിഞ്ഞത്. ദേവേട്ടനും എന്നെ
ഇഷ്ടമായിരുന്നു. കൂട്ടുകാരന്റെ പെങ്ങളെ-
നോക്കുന്നത് തെറ്റാണെന്ന് കരുതിയായിരുന്നു
എന്നിൽ നിന്നും ഒഴിഞ്ഞുമാറിയത്. പിന്നീട്
ഞങ്ങളുടെ കാലമായിരുന്നു. പരസ്പരം
സ്നേഹിച്ചും തല്ലുകൂടിയും ഇണങ്ങിയും പിണ-
ങ്ങിയും പരിഭവിച്ചുമെല്ലാം... ദേവേട്ടൻ
ഒരു എഴുത്തുകാരനായിരുന്നു. നന്നായി
കഥയെഴുതും... കവിതയെഴുതും... പിന്നീട്
ഓരോ വരികളിലും തെളിഞ്ഞുനിന്നിരുന്നത്
ഞാൻ മാത്രമായിരുന്നു.
കാലം ആരെയും കാക്കാതെ കടന്നുപോയി...
ഞങ്ങളുടെ പ്രണയം പൂവണിഞ്ഞു.
അങ്ങനെയൊരു സെപ്റ്റംബർ മാസം
പതിനഞ്ചാംതിയതി ഞങ്ങൾ വിവാഹിതരായി..
പ്രണയിച്ചും സ്നേഹിച്ചും സങ്കടപ്പെട്ടും
കഴിഞ്ഞ രണ്ടു വർഷം. അതിനിടയിൽ ആ
സന്തോഷവാർത്ത ഞങ്ങളെ തേടി-
യെത്തി. ഞാൻ രണ്ടു മാസം ഗർഭിണി.
അത് ഞങ്ങളെ മറ്റൊരു ലോകത്തേക്ക്

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 640 Participant Code: 102

എത്തിച്ചു. എന്നാൽ എന്നെ തേടിയെ-
ത്തിയ അപകടത്തെ ഞാനാ സന്തോഷംകൊണ്ട്
കാണാതെ പോയ്...

പറയുമ്പോൾ കണ്ണുകളിൽ വേദന....
ഓരോരുത്തരിലും ആകാംക്ഷ.

ഒരു ~~…~~ ബുക്ക് പ്രസിദ്ധീകരിക്കാ-
നായി ~~…~~ മംഗലാപുരത്തേക്ക് പോകും വഴി...
എതിരെ വരുന്നൊരു ലോറി അദ്ദേഹം കണ്ടിരു-
ന്നില്ല... ആ ലോറി ~~…~~ ദേവേട്ടന്റെ കാറിനെ
ഇടിച്ചുതെറിപ്പിച്ചു.... ഫോണിൽ എന്നോട് സംസാരി-
ക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ
അവസാന ശ്വാസിൽ എന്റെ പേരിലിൽ മുഴങ്ങിയി-
രുന്നു."

പറയുമ്പോൾ മിഴികൾ നിറഞ്ഞ് കവിളിനെ
ചുംബിച്ചുകൊണ്ട് മണ്ണിൽ ചാലിട്ട് ഒഴുകിക്കൊ-
ണ്ടിരുന്നു. ഞങ്ങളുടെ കണ്ണുനിറഞ്ഞു
ഹൃദയം വെമ്പി....

"~~…~~ നിറമിഴികൾ തുടച്ചുകൊണ്ട് അവൾ
ഒന്നു പുഞ്ചിരിച്ചു...."

"അദ്ദേഹം മരിച്ചിട്ടില്ല... ഇന്നും എന്നോടൊ-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 640 Participant Code: 102

ഉപ്പുണ്ട് ...ദേ എന്റെ കൺമുന്നിൽ....
എന്റെ മോളെ ഒരു നോക്കുകാണാനെന്നപോലെ-
യാണ് എന്റെ ദേവേട്ടൻ..." എന്നാൽ ഇപ്പൊ
കാണുന്നുണ്ട് കേട്ടോ... എന്റെ കൺമുന്നിൽ
നിന്ന്. എന്റെ ചുറ്റും ഒരു വലയം
പോലെ അദ്ദേഹമുണ്ട്. ഞാനെവിടെ പോകു-
ന്നോ അവിടെയെല്ലാം. ഇന്നത്തെ ഈ ചുവടി-
നൊരു പ്രത്യേകതയുണ്ട്... എന്താണെന്നറി-
യുമോ... ഇന്നെന്റെ ദേവേട്ടന്റെ ഓർമ്മദിവസ-
മാണ്. എനിക്കും എന്റെ മോൾക്കും ദേവേട്ടനും
വേണ്ടി ഒരു പ്രാർത്ഥന അതുമാത്രം
മതിയാകും എനിക്ക്...." നിറഞ്ഞ കണ്ണുകൾ
തുടച്ചുകൊണ്ട് ഓരോ നൃത്തവും അവളെ
അലിവോടെനോക്കി. അവർക്ക് മനസ്സിലായിരുന്നു.
അവളുടെ തിളക്കമുള്ള ചുവടുകൾക്ക് പിന്നിൽ
നോവാണെന്ന്. ഉള്ളിൽ ആളിക്കത്തിയത്
സങ്കടം നിഴലിച്ച ഭാവമായിരുന്നെന്ന്... "നന്ദി."
അവൾ മോളെ കുഞ്ഞിനെയുമെടുത്ത് പുറ-
ത്തേക്ക് നടന്നു.... പുറകെ ഒരു
മായം പോലെ ദേവനും.... അവളുടെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ദേവേട്ടൻ.... ഒരു വലയം പോലെ
അവനെപ്പോഴും അവളുടെ കൂടെത്തന്നെയുണ്ട്
ആ ഒരു വിശ്വാസത്തിൽ അവൾ മോളെയും
മാറോടടക്കി ഉറച്ച കാലടികളോടെ മുന്നോട്ട്
നടന്നു.

അതങ്ങനെയാണ് ചില ജീവിതങ്ങൾ...
ഒരു വലയം പോലെ നമുക്ക് ചുറ്റുമുണ്ടാകും
ഒരു രക്ഷാകവചം പോലെ.... നാമറിയാതെ
നമുക്ക് വേണ്ടി പോരാടുന്നവർ.... ചിലരൊക്കെ
അവരെ തിരിച്ചറിഞ്ഞേക്കും... എന്നാൽ ചിലര-
തിനെ ചേർത്ത് നിർത്തും. ഓരോരുത്തരെയും
ചേർത്ത് നിർത്തണം. നാളെ നമുക്ക് വല-
ക്കണ്ണികൾ ആകാൻ പോകുന്നതെന്നാർക്കുമറി-
യില്ല.... ഇവിടെ മരണം കൊണ്ടുപോലും
വേർപിരിക്കാനാവാത്ത പ്രണയമാണ് ദേവന്റെയും
അവണിയുടെയും ... അവനിനി ലോകത്തില്ലെങ്കിലും
അവന്റെ ഓർമ്മകളിലൂടെ അവൾ ജീവിക്കും...
അവളുടെ കുഞ്ഞിപ്പെണ്ണിനുമൊത്ത്....
അവൾ ജീവിക്കട്ടെ ഉപാധികളേതുമില്ലാതെ
അവൾ പറക്കട്ടെ ഉയരങ്ങളിലേക്ക്...

61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 640 Participant Code: 102

അവനെന്നും അവൾക്ക് കൂടെയുണ്ട്......

ഒരു മായാലോകത്ത്.... അവൾക്കായി ജന്മം

പിറവികൊണ്ട അവളുടെ ദേവദൂതൻ....

ഇനിയും അവൾ ~~ഉയരങ്ങളി~~ ഉയരങ്ങളിലേക്ക്

ഉയരുമ്പോൾ അവന്റെ തണലുമാവും കൂടെ

എന്നും... എപ്പോഴും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)